# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

*ഫോൺ:* 0481-2733370


## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 23**

---

## എംജിയിൽ സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം ആൻഡ് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണോദ്ഘാടനം ഫെബ്രുവരി 26 ന്

*1983 ൽ സ്ഥാപിതമായ മഹാത്മാഗാന്ധി സർവകലാശാല കായികരംഗത്ത് എന്നും മുൻപന്തിയിലാണ്. 11 ഒളിംപ്യൻമാർ ഉൾപ്പെടെ നിരവധി താരങ്ങളെ സംഭാവന ചെയ്യാനും സർവകലാശാലക്ക് കഴിഞ്ഞിട്ടുണ്ട്. മഹത്തായ ഈ ചരിത്രത്തിൻറെ തുടർച്ചയെന്നോണം സംസ്ഥാന സർക്കാർ സർവകലാശാലയിൽ കായികരംഗത്ത് അടിസ്ഥാനസൗകര്യവികസനത്തിനായി നിരവധി പദ്ധതികൾ നടപ്പാക്കി വരികയാണ്. അന്താരാഷ്ട്ര മത്സരങ്ങൾക്ക് പര്യാപ്തമായ വിധത്തിൽ സർവകലാശാല സ്റ്റേഡിയത്തിൽ സർക്കാർ ധനസഹായത്തോടെ ഫിഫ നിലവാരത്തിൽ നാച്ചുറൽ ടർഫ് ഫുട്ബോൾ കോർട്ട്, ഫ്ളഡ്ലിറ്റ് സൗകര്യത്തോടെ തയ്യാറാക്കിയത് ഒരു ഉദാഹരണം മാത്രമാണ്. കായിക രംഗത്ത് സർവകലാശാലക്ക് മറ്റൊരു പൊൻതൂവലായി ഒരു സ്വപ്നപദ്ധതിക്ക് കൂടി തുടക്കം കുറിക്കുകയാണ്. സംസ്ഥാന സർക്കാരുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ള സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം ആൻഡ് സ്പോർട്സ് കോംപ്ലക്സിൻറെ നിർമ്മാണോദ്ഘാടനം 2026 ഫെബ്രുവരി 26 -ന് ഉച്ച തിരിഞ്ഞ് 2.30 -ന് സഹകരണ തുറമുഖം ദേവസ്വം വകുപ്പ് മന്ത്രി ശ്രീ.വി.എൻ.വാസവൻ നിർവഹിക്കുന്നു.*

*കിഫ്ബി ഫണ്ടിൽ നിന്ന് 57 കോടി രൂപ ചെലവിൽ നിർമിക്കുന്ന കോംപ്ലക്സ് പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ ഏറ്റവും വലിയ കായിക കേന്ദ്രങ്ങളിൽ ഒന്നായി ഇത് മാറുമെന്ന് പ്രതീക്ഷിക്കുന്നതായി എം.ജി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.സി.ടി.അരവിന്ദകുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കൂടാതെ ഗാന്ധി മ്യൂസിയത്തിൻറെ* (Centre for Digital Museology and Tourism) *നിർമ്മാണോദ്ഘാടനവും തദവസരത്തിൽ നടക്കും. യു ജി സി കാറ്റഗറി 1 പദവി നേടിയ സംസ്ഥാനത്തെ ആദ്യ സർവകലാശാലയായ മഹാത്മാഗാന്ധി സർവകലാശാല അക്കാദമിക രംഗത്ത് എന്നും മികവിൻറെ പാതയിലാണ്. ഇതിൻറെ ഭാഗമായി നാലുവർഷ ബിരുദ വിദ്യാർത്ഥികൾക്ക് കോട്ടയം അക്ഷരം മ്യൂസിയവുമായി സഹകരിച്ച് ഇൻറേൺഷിപ്പിനുള്ള അവസരവും ഒരുക്കുകയാണ്.*

*ഇതിനുള്ള അക്ഷരമുദ്രം പദ്ധതിയുടെ ധാരണാപത്രത്തിൽ സർവകലാശാലയും കോട്ടയം സാഹിത്യ പ്രവർത്തക സഹകരണ സംഘവും അന്നേ ദിവസം ഒപ്പ് വയ്ക്കും.*

## സൂസൻ മേബിൾ തോമസ്

*സൂസൻ മേബിൾ തോമസ് എന്നത് കേരളത്തിൻറെ കായിക ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ എഴുതപ്പെടേണ്ട ഒരു പേരാണ്. 1971 ഒക്ടോബർ 21-ന് കോട്ടയം മെഡിക്കൽ കോളേജിൽ രക്താർബുദത്തിന് കീഴടങ്ങുമ്പോൾ വെറും 23 വയസ് ആയിരുന്നു സൂസൻ മേബിളിൻറെ പ്രായം. ത്രോ ഇനങ്ങളിൽ മത്സരിച്ച് തിളങ്ങി പിന്നീട് വോളിബോളിലേക്ക് മാറിയ സൂസൻ കോട്ടയം ബേക്കർ മെമ്മോറിയൽ, മൗണ്ട് കാർമ്മൽ സ്കൂളുകളിൽ പഠിക്കുമ്പോൾ ഷോട്ട് പുട്ട്, ഡിസ്കസ്, ജാവലിൻ ഇനങ്ങളിൽ ഒരേപോലെ മികവ് കാട്ടി. 1964 ലെ സംസ്ഥാന സ്കൂൾ കായികമേളയിൽ ഷോട്ട് പുട്ടിൽ സംസ്ഥാന റെക്കോർഡോടെയാണ് സൂസൻ ഒന്നാം സ്ഥാനം നേടിയത്. കോലഞ്ചേരി സെൻറ് പീറ്റേഴ്സ് കോളേജിൽ ബിരുദ പഠനത്തിന് എത്തിയപ്പോൾ ത്രോ ഇനങ്ങളിൽ സംസ്ഥാന മേളകളിൽ ശ്രദ്ധ നേടി. പിന്നീട് വോളിബോളിലേക്ക് മാറിയ സൂസൻ, കേരള സർവകലാശാല 1969 -ൽ അഖിലേന്ത്യ അന്തർ സർവകലാശാല വനിതാ വോളി കിരീടം ചൂടിയപ്പോൾ നിറസാന്നിധ്യമായി. കോട്ടയം വളഞ്ഞാനിൽ ഡബ്ലിയു. ജെ.തോമസിൻറെ പുത്രിയായ സൂസൻ മേബിൾ തോമസിന് ജ?നാട്ടിൽ ഉയരുന്നത് ഭാവിതാരങ്ങൾക്കായുള്ള കായിക കളരി കൂടിയാണ്.*

*(പി.ആർ.ഓ/39/169/2026)*

## എം.ജിയിൽ സിവിൽ സർവീസ് പരീക്ഷാ പരിശീലനം

*മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന യു.പി.എസ്.സി സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു.*

*ഓപ്ഷണൽ വിഷയങ്ങൾ ഒഴികെയുള്ള പ്രിലിമിനറിയുടെയും മെയിൻ പരീക്ഷയുടെയും സിലബസ് ഉൾപ്പെടുത്തി റെഗുലർ, ഈവനിംഗ്, ഫൗണ്ടേഷൻ എന്നിങ്ങനെ മൂന്നു തരം ബാച്ചുകളാണുള്ളത്. റെഗുലർ പ്രോഗ്രാമിൽ ആഴ്ച്ചയിൽ അഞ്ചു ദിവസം പരിശീലനം ഉണ്ടാകും. ഡിഗ്രി വിജയിച്ചവരെയാണ് പരിഗണിക്കുന്നത്.*

*ഈവനിംഗ് പ്രോഗ്രാമിൽ ആഴ്ച്ചയിൽ അഞ്ചു ദിവസം ഓൺലൈനിലാണ് പരിശീലനം. പ്ലസ് ടൂ  പഠിക്കുന്നവർക്കു മുതൽ അപേക്ഷിക്കാം.*

*ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈനിൽ നടത്തുന്ന ഫൗണ്ടേഷൻ പ്രോഗ്രാമിൽ എസ്.എസ്.എൽ.സി വിജയിച്ചവർക്കു മുതൽ പങ്കെടുക്കാം.*

*മൂന്നു പ്രോഗ്രാമുകളിലുമായി ആകെ 70 പേർക്കാണ് പ്രവേശനം. പ്രായപരിധി 2026 ജനുവരി ഒന്നിന് 15നും 30നും ഇടയിൽ. സംവരണ വിഭാഗത്തിൽ പെട്ടവർക്ക് പ്രായപരിധിയിൽ ഇളവ് അനുവദിക്കും. നോട്ടിഫിക്കേഷൻ ,അപേക്ഷാ ഫോറം എന്നിവ ഇൻസ്ടിട്യൂട്ടിൻറെ വെബ്സൈറ്റിൽ* (https://csi.mgu.ac.in/) *ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോറവും യോഗ്യതാ രേഖകളും രജിസ്ട്രേഷൻ ഫീസ് അടച്ചതിൻറെ റസിപ്റ്റ് സഹിതം ഡയറക്ടർ , സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശനി ഹിൽസ് കോട്ടയം 686560 എന്ന വിലാസത്തിൽ നേരിട്ടോ തപാലിലോ സമർപ്പിക്കണം. ജനറൽ വിഭാഗത്തിൽ പെട്ടവർക്ക് നാൽപ്പതിനായിരം രൂപയും എസ്.സി, എസ്.ടി. വിഭാഗക്കാർക്ക് ഇരുപതിനായിരം രൂപയുമാണ് കോഴ്സ് ഫീസ്. രജിസ്ട്രേഷൻ ഫീസ് യഥാക്രമം 250 രൂപയും 150 രൂപയുമാണ്. അർഹതപ്പെട്ട വിഭാഗങ്ങൾക്ക് സ്കോളർഷിപ്പും ലഭ്യമാണ് .*

*(പി.ആർ.ഓ/39/170/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ആറാം സെമസ്റ്റർ ബി.വോക് (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷകൾക്ക് മാർച്ച് രണ്ടു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ഒമ്പതു വരെയും അപേക്ഷ സ്വീകരിക്കും.*

..............................

*നാലാം സെമസ്റ്റർ (സിഎസ്എസ്) ബി.എഡ് സ്പെഷ്യൽ എജുക്കേഷൻ ഇൻ്റലക്ചൽ ഡിസെബിലിറ്റി/ ലേണിംഗ് ഡിസെബിലിറ്റി (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ സപ്ലിമെൻ്ററി, 2022 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2021 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2020 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 25 മുതൽ നടക്കും. മാർച്ച് നാലു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ആറു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഓ/39/171/2026)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച്  ആറു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഓ/39/172/2026)*

## <u>പ്രാക്ടിക്കൽ</u>

*ഒന്നാം സെമസ്റ്റർ ബി.വോക്-മൾട്ടി സ്പോർട്സ് ആൻഡ് ഫിറ്റ്നസ് ട്രെയിനിംഗ് (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്)  ഡിസംബർ 2025  പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ  മാർച്ച് നാലു മുതൽ ആറു വരെ തീയതികളിലായി മാറമ്പള്ളി എംഇഎസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഓ/39/173/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ